# ഓൺലൈൻ ഗണിതക്ലാസ്സ് - X – 59 ( 13 / 11 /2020 )

## 5 . ത്രികോണമിതി - ക്ലാസ്സ് 11

കഴിഞ്ഞക്ലാസ്സുകളിൽ നാം പഠിച്ചതെന്താണ് ?

$$\sin C = \frac{< C \text{ യുടെ എതിർവശം}}{\text{കർണം}}$$

$$\cos C = \frac{< C \text{ യുടെ സമീപവശം}}{\text{കർണം}}$$




**മറ്റൊരളവ്**

മട്ടത്രികോണങ്ങളിൽ ഒരു കോണിന്റെ എതിർവശത്തെ സമീപവശം കൊണ്ട് ഹരിച്ചു കിട്ടുന്ന സംഖ്യയെ കോണിന്റെ ടാൻജെന്റ് ( *tangent* ) എന്നു പറയുന്നു . ചുരുക്കി *tan* എന്നാണ് എഴുതുന്നത് .

ത്രികോണം ABC യിൽ $< B = 90^0$ .

$$\tan C = \frac{< C \text{ യുടെ എതിർവശം}}{< C \text{ യുടെ സമീപവശം}} = \frac{AB}{BC}$$




**NOTE :**

മറ്റൊരു തരത്തിൽ പറഞ്ഞാൽ , മട്ടത്രികോണത്തിലെ ഒരു ചെറുകോണിന്റെ എതിർവശം, സമീപവശത്തിന്റെ എത്ര ഭാഗമോ , മടങ്ങോ ആണെന്നു കാണിക്കുന്ന സംഖ്യയാണ് ആ കോണിന്റെ ടാൻ .

SARATH .A .S , HST ,GHS ANCHACHAVADI

$$\tan C = \frac{\angle C \text{ യുടെ എതിർവശം}}{\angle C \text{ യുടെ സമീപവശം}}$$




ഈ ആശയവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ നോക്കാം

( 1 ) ത്രികോണം ABC യിൽ BC = 3 സെ.മി , < C = 90 °

< B = 50 °

AC യുടെ നീളം കാണുക ?




**ഉത്തരം**

$$\tan 50^0 = \frac{50^\circ \text{ യുടെ എതിർവശം}}{50^\circ \text{ യുടെ സമീപവശം}} = \frac{AC}{BC}$$

$$\tan 50^0 = \frac{AC}{3}$$

$$3 \times \tan 50^\circ = AC$$

$$AC = 3 \times 1.1918 = 3.5754 \text{ സെ.മി}$$

( 2 ) ചിത്രത്തിൽ മൂന്നാമത്തെ സ്റ്റെപ്പിനു മുകളിലായി ഒരാൾ നിൽക്കുന്നു .ഓരോ സ്റ്റെപ്പിന്റെയും വീതി 20 സെ. മി . സ്റ്റെപ്പിന്റെ ചരിവ് തറയുമായി ഉണ്ടാക്കുന്ന കോൺ 35 ° ആണ് . തറനിരപ്പിൽ നിന്നും എത്ര ഉയരത്തിലാണ് ആൾ നിൽക്കുന്നത് ?



**ഉത്തരം**

ത്രികോണം ABC യിൽ , $\angle C = 90^0$ , $\angle B = 35^0$




BC = 20 + 20 + 20 = 60 സെ .മി

$$\tan 35^0 = \frac{35^\circ \text{ യുടെ എതിർവശം}}{35^\circ \text{ യുടെ സമീപവശം}} = \frac{AC}{BC}$$

$$\tan 35^0 = \frac{AC}{60}$$

$$60 \times \tan 35^\circ = AC$$

$$AC = 60 \times 0.7002 = 42.012 \text{ സെ.മി}$$

## തുടർപ്രവർത്തനങ്ങൾ




( 1 ) ABC എന്ന മട്ടത്രികോണത്തിൽ AB = 5 സെ.മി , $\angle C = 65^\circ$

ആയാൽ BC എന്ന വശത്തിന്റെ നീളമെന്ത് ?




( 2 ) ലംബമായി നിൽക്കുന്ന ഒരു തൂണിന്റെ മുകളിൽ നിന്നും ഒരു കയർ തറയുമായി 50 ° കോൺ വരത്തക്കവിധത്തിൽ വലിച്ചുകെട്ടിയിരിക്കുന്നു . തൂണിന്റെ ചുവട്ടിൽ നിന്നും 3 മീ. അകലെയാണ് കയർ കെട്ടിയിരിക്കുന്നതെങ്കിൽ തൂണിന്റെ ഉയരം കാണുക ?

# ഓൺലൈൻ ഗണിതക്ലാസ്സ്  - X – 59 ( 13 / 11 /2020 )

## വർക്ക്ഷീറ്റ്

( 1 ) ചിത്രത്തിൽ  BC = 4 സെ .മി  , < B = 90 $^0$ , < C = 45 $^0$




a) < A യുടെ അളവെന്ത്  ?

b)  AB  യുടെ നീളമെന്ത്  ?

c)  ത്രികോണം ABC യുടെ വശങ്ങൾ ഉപയോഗിച്ച്  tan 45 $^0$

കണക്കാക്കുക  ?

( 2 ) ചിത്രത്തിൽ  QR  = 3 സെ .മി , < R = 90 $^0$ , < P  = 30 $^0$




a) < Q ന്റെ  അളവെന്ത്  ?

b)  PR   ന്റെ   നീളമെന്ത്  ?

c)  ത്രികോണം PQR ന്റെ  വശങ്ങൾ ഉപയോഗിച്ച്  tan 30 $^0$

കണക്കാക്കുക  ?

d)  ത്രികോണം PQR ന്റെ  വശങ്ങൾ ഉപയോഗിച്ച്  tan 60 $^0$  കണക്കാക്കുക  ?

( 3 ) ചിത്രത്തിൽ LM അർധവൃത്തത്തിന്റെ വ്യാസമാണ് .




LN  = 5 സെ .മി  , < L = 40 $^0$

a) < LNM  ന്റെ  അളവെന്ത്  ?

b)  MN  ന്റെ   നീളമെന്ത്  ?   ( സൂചന : tan40 $^0$ = 0.84 )

( 4 ) ചിത്രത്തിൽ ABCD ഒരു സമഭുജസാമാന്തരികമാണ്  . വികർ ണങ്ങൾ P യിൽ  കൂട്ടിമുട്ടുന്നു . BP = 6 സെ .മി , <ABP = 35 $^0$




a) < APB  യുടെ അളവെന്ത്  ?

b)  BD  യുടെ   നീളമെന്ത്  ?

c)   AP  യുടെ   നീളമെന്ത്  ?

d) സമഭുജസാമാന്തരികത്തിന്റെ പരപ്പളവെന്ത്  ?                    ( സൂചന : tan 35 $^0$ = 0.7 )

SARATH .A .S , HST ,GHS ANCHACHAVADI

# ഓൺലൈൻ ഗണിതക്ലാസ്സ് - X – 60 ( 16 / 11 /2020 )

## 5 . ത്രികോണമിതി - ക്ലാസ്സ് 12

കഴിഞ്ഞക്ലാസ്സിൽ നാം പഠിച്ചതെന്താണ് ?

$$\tan C = \frac{< C \text{ യുടെ എതിർവശം}}{< C \text{ യുടെ സമീപവശം}}$$




ഈ ആശയവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ നോക്കാം

( 1 ) ഒരു സമഭുജസാമാന്തരികത്തിന്റെ ഒരു കോൺ 50 ° ആണ് . വലിയ വികർണം 5 സെ.മി യും ആണ് . അതിന്റെ പരപ്പളവ് എത്രയാണ് ?

ഉത്തരം .

$< DAB = 50^0$

AC = 5 സെ .മി ( $<ABC = 130^0$ , വലിയ കോണിന് എതിരെയുള്ള വികർണമാണ് വലുത് )




$< APD = 90^0$

$AP = BP = \frac{5}{2} = 2.5$ സെ.മി ( ഒരു സമഭുജസാമാന്തരികത്തിന്റെ വികർണങ്ങൾ പരസ്പരം ലംബസമഭാഗം ചെയ്യുന്നു )

$< DAP = < BAP = 25°$ ( ഒരു സമഭുജസാമാന്തരികത്തിന്റെ വികർണങ്ങൾ കോണുകളെ സമഭാഗം ചെയ്യുന്നു )

മട്ടത്രികോണം APD യിൽ ,

$$\tan 25^0 = \frac{25^0 \text{ യുടെ എതിർവശം}}{25^0 \text{ യുടെ സമീപവശം}} = \frac{DP}{AP}$$

$$\tan 25^0 = \frac{DP}{2.5}$$

$$DP = 2.5 \times \tan 25^\circ = 2.5 \times 0.4663 \text{ സെ.മി}$$

$$BD = 2 \times DP = 2 \times 2.5 \times 0.4663 \text{ സെ.മി}$$

സമഭുജസാമാന്തരികത്തിന്റെ പരപ്പളവ് $= \frac{1}{2} AC \times BD$

$$= \frac{1}{2} \times 5 \times 2 \times 2.5 \times 0.4663 \text{ ച.സെ.മി}$$

( 2) മതിലിന്മേൽ ഒരു ഏണി ചാരിവച്ചിരിക്കുന്നു . ഏണിയുടെ ചുവട് മതിലിൽ നിന്ന് 2 മീറ്റർ അകലെയാണ് .ഏണിയും തറയുമായുള്ള കോൺ 40 °യും . ഏണിയുടെ മുകളറ്റം തറയിൽ നിന്ന് എത്ര ഉയരത്തിലാണ് ?

ഉത്തരം .




ത്രികോണം ACB യിൽ ,

$$\tan 40^0 = \frac{40^0 \text{ യുടെ എതിർവശം}}{40^0 \text{ യുടെ സമീപവശം}} = \frac{AC}{BC}$$

$$\tan 40^0 = \frac{AC}{2}$$

$$AC = 2 \times \tan 40^\circ = 2 \times 0.8391 = 1.6782 \text{ മി}$$

ഏണയുടെ മുകളറ്റം തറയിൽ നിന്നുള്ള അകലം = 1.6782 മീ.

തുടർപ്രവർത്തനം

ത്രികോണമിതി പട്ടിക ഉപയോഗിക്കാതെ $\tan 30^0$ , $\tan 45^0$ , $\tan 60^0$ എന്നി അളവുകൾ കണ്ടുപിടിക്കുക

# ഓൺലൈൻ ഗണിതക്ലാസ്സ് - X – 60 ( 16 / 11 /2020 )

## വർക്ക്ഷീറ്റ്

( 1 ) ചിത്രത്തിൽ YZ = 8.4 സെ .മീ , < Y = 90 $^0$ , < X = 40 $^0$

a) XY യുടെ നീളമെന്ത് ?

b) ത്രികോണം XYZ ന്റെ പരപ്പളവെന്ത് ?

( സൂചന : tan 40 $^0$ = 0.84 )




( 2 ) ചിത്രത്തിൽ QR = 10 സെ .മീ , < PRQ = 90 $^0$ ,

< Q = 35 $^0$ , < S = 54 $^0$

a) PR ന്റെ നീളമെന്ത് ?

b) RS ന്റെ നീളമെന്ത് ?

c) ത്രികോണം PQS ന്റെ പരപ്പളവെന്ത് ?




( സൂചന : tan 35 $^0$ = 0.7 , tan 54 $^0$ = 1.4 )

( 3 ) ചിത്രത്തിൽ AC യുടെ മധ്യബിന്ദുവാണ് M .

AM = 8 സെ .മീ , <AMD = 90 $^0$ , < DAM = 37 $^0$ ,

< CBM = 58 $^0$

a) DM ന്റെ നീളമെന്ത് ?

b) BM ന്റെ നീളമെന്ത് ?

c) ത്രികോണം ADC യുടെപരപ്പളവെന്ത് ?




d) ചതുർഭുജം ABCD യുടെപരപ്പളവെന്ത് ? ( സൂചന : tan 37 $^0$ = 0.75 , tan 58 $^0$ = 1.6 )

( 4 ) ചിത്രത്തിൽ PQ വൃത്തത്തിന്റെ വ്യാസമാണ് .

RT = 6 സെ .മീ , < QTR = 90 $^0$ , < QRT = 50 $^0$

a) QT യുടെ നീളമെന്ത് ?

b) < QPS ന്റെ നീളമെന്ത് ?

c) TS ന്റെ നീളമെന്ത് ?

d) PQ ന്റെ നീളമെന്ത് ? ( സൂചന : tan 50 $^0$ = 1.2 )




SARATH .A .S , HST ,GHS ANCHACHAVADI

# ഓൺലൈൻ ഗണിതക്ലാസ്സ് - X – 64( 23 / 11 /2020 )

## വർക്ക്ഷീറ്റ്

( 1 ) മനുവും നന്ദുവും ഒരു കെട്ടിടത്തിന്റെ ഇരുവശങ്ങളിലായാണ് നിൽക്കുന്നത് .കുട്ടികളും കെട്ടിടവും ഒരേവരിയിലുമാണ് . കെട്ടിടത്തിന്റെ മുകളറ്റം മനു 45°മേൽക്കോണിലും നന്ദു 60° മേൽക്കോണിലും കാണുന്നു.കുട്ടികൾ തമ്മിലുള്ള അകലം 100 മീറ്ററാണ് .

a) മുകളിൽ സൂചിപ്പിച്ച വസ്തുതകൾ അടിസ്ഥാനമാക്കി ഒരു ഏകദേശചിത്രം വരക്കുക ?

b) കെട്ടിടത്തിന്റെ ഉയരമെന്ത് ?

( 2 ) രണ്ടാളുകൾ ഒരു കുന്നിന്റെ ഇരുവശങ്ങളിലായാണ് നിൽക്കുന്നത് .ആളുകളും കുന്നും ഒരേവരി യിലുമാണ് . കുന്നിന്റെ മുകളറ്റം ഒന്നാമത്തെ ആൾ 60° മേൽക്കോണിലും രണ്ടാമത്തെ ആൾ 30° മേൽക്കോണിലുംകാണുന്നു.ആളുകൾ തമ്മിലുള്ള അകലം 400 മീറ്ററാണ് .

a)മുകളിൽ സൂചിപ്പിച്ച വസ്തുതകൾ അടിസ്ഥാനമാക്കി ഒരു ഏകദേശചിത്രം വരക്കുക ?

b) കുന്നിന്റെ ഉയരമെന്ത് ?

( 3 ) ഗീതയും രാധയും ഒരു ടവറിന്റെ ഇരുവശത്തുമായി നിൽക്കുന്നു.കുട്ടികളും ടവറും ഒരേ വരിയിലുമാണ് . ടവറിന്റെ മുകളറ്റം ഗീത 35°മേൽക്കോണിലുംരാധ 50° മേൽക്കോണിലും കാണുന്നുകുട്ടികൾ തമ്മിലുള്ള അകലം 190 മീറ്ററാണ്.

a) മുകളിൽ സൂചിപ്പിച്ച വസ്തുതകൾ അടിസ്ഥാനമാക്കി ഒരു ഏകദേശചിത്രം വരക്കുക ?

b) ടവറിന്റെ ഉയരമെന്ത് ? **( സൂചന : tan 35 $^0$ = 0.7 , tan 50 $^0$ =1.2 )**

( 4 ) രണ്ട് കുട്ടികൾ ഒരു കുന്നിന്റെ ഇരുവശത്തുമായി നിൽക്കുന്നു . കുട്ടികളും കുന്നും ഒരേവരിയിലുമാണ് . കുന്നിന്റെ മുകളറ്റം ഒന്നാമത്തെ കുട്ടി 52° മേൽക്കോണിലും രണ്ടാമത്തെ കുട്ടി 72° മേൽക്കോണിലും കാണുന്നു.കുട്ടികൾ തമ്മിലുള്ള അകലം 440 മീറ്ററാണ് .

a) മുകളിൽ സൂചിപ്പിച്ച വസ്തുതകൾ അടിസ്ഥാനമാക്കി ഒരു ഏകദേശചിത്രം വരക്കുക ?

b) കുന്നിന്റെ ഉയരമെന്ത് ? **( സൂചന : tan 52 $^0$ = 1.3 , tan 72 $^0$ =3.1 )**

SARATH .A .S , HST ,GHS ANCHACHAVADI

# ഓൺലൈൻ ഗണിതക്ലാസ്സ് - X – 64( 23 / 11 /2020 )

## 5 . ത്രികോണമിതി - ക്ലാസ്സ് 16

1. സൂര്യൻ $35^0$ മേൽക്കോണിൽ കാണപ്പെടുമ്പോൾ ഒരു മരത്തിന്റെ നിഴലിന് 10 മീറ്റർ നീളമുണ്ട് . സൂര്യൻ $25^0$ മേൽക്കോണിൽ കാണുമ്പോൾ ഈ മരത്തിന്റെ നിഴലിന്റെ നീളം കണക്കാക്കുക ?

ഉത്തരം




മരത്തിന്റെ ഉയരം = AB

മട്ടത്രികോണം ABC യിൽ ,

$$\tan 35^0 = \frac{35^0 \text{ യുടെ എതിർവശം}}{35^0 \text{ യുടെ സമീപവശം}} = \frac{AB}{BC}$$

$$\tan 35^0 = \frac{AB}{10}$$

$$10 \times \tan 35^0 = AB$$

$$AB = 10 \times 0.70 = 7 \text{ മീ}$$

മട്ടത്രികോണം ABD യിൽ ,

$$\tan 25^0 = \frac{25^0 \text{ യുടെ എതിർവശം}}{25^0 \text{ യുടെ സമീപവശം}} = \frac{AB}{BD}$$

$$\tan 25^0 = \frac{7}{BD}$$

$$BD \times \tan 25^0 = 7$$

$$BD = \frac{7}{\tan 25^0} = \frac{7}{0.4663} \text{ മീ}$$ = സൂര്യൻ $25^0$ മേൽക്കോണിൽ കാണുമ്പോൾ മരത്തിന്റെ നിഴലിന്റെ നീളം

2. ഒരു വൈദ്യുതിത്തൂണിന്റെ മുകളിൽ നിന്നും ഇരു വശത്തേക്കും കയറുകൾ വലിച്ചു കെട്ടിയിരിക്കുന്നു .കയറുകളുടെ അറ്റങ്ങൾ തമ്മിൽ 25 മീറ്റർ അകലമുണ്ട് . കയറുകളുടെ അറ്റങ്ങൾ തറയുമായി $55^0$ , $40^0$ കോണുകൾ ഉണ്ടാക്കുന്നു .

വൈദ്യുതിത്തൂണിന്റെ ഉയരമെത്ര ?

<u>ഉത്തരം</u>

കഴയുടെ ഉയരം = AB




മട്ടത്രികോണം ABC യിൽ ,

$$\tan 55^0 = \frac{55^0 \text{ യുടെ എതിർവശം}}{55^0 \text{ യുടെ സമീപവശം}} = \frac{AB}{BC}$$

$$\tan 55^0 = \frac{AB}{x}$$

$$AB = x \times \tan 55^0 = x \times 1.43 = 1.43\,x \quad \text{——— (1)}$$

മട്ടത്രികോണം ABD യിൽ ,

$$\tan 40^0 = \frac{40^0 \text{ യുടെ എതിർവശം}}{40^0 \text{ യുടെ സമീപവശം}} = \frac{AB}{BD}$$

$$\tan 40^0 = \frac{AB}{25 - x}$$

$$AB = (25 - x) \tan 40^0 = 25 \times \tan 40^0 - x \times \tan 40^0$$

$$= 25 \times 0.84 - x \times 0.84 = 21 - 0.84\,x \quad \text{——— (2)}$$

സമവാക്യങ്ങൾ 1 , 2 ൽ നിന്നും AB യുടെ വിലകൾ തുല്യപ്പെടുത്തിയാൽ ,

$$1.43\,x = 21 - 0.84\,x$$

$$1.43\,x + 0.84\,x = 21$$

$$2.27\,x = 21$$

$$x = \frac{21}{2.27}$$

വൈദ്യുതിത്തൂണിന്റെ ഉയരം $= AB = 1.43\,x = 1.43 \times \frac{21}{2.27}$ മീ

**തുടർപ്രവർത്തനം**

1.5 മീറ്റർ ഉയരമുള്ള ഒരു കുട്ടി പണിതുകൊണ്ടിരിക്കുന്ന ഒരു കെട്ടിടത്തിന്റെമുകളറ്റം $30^0$ മേൽക്കോണിൽ കാണുന്നു . 10 മീറ്റർ കൂടി ഉയരത്തിൽ പണിതപ്പോൾ കെട്ടിടം പൂർത്തിയായി. ഇപ്പോൾ ഇതേ സ്ഥലത്തു നിന്നും കുട്ടി $60^0$ മേൽക്കോണിൽ കണ്ടു .

കെട്ടിടത്തിന്റെ ഉയരമെത്ര ?

# ഓൺലൈൻ ഗണിതക്ലാസ്സ് - X – 66 ( 26 / 11 /2020 )

## 6 . സൂചകസംഖ്യകൾ - ക്ലാസ്സ് 1

പ്രവർത്തനം 1



ഈ ചിത്രം നോട്ടുബുക്കിലേക്ക് വരക്കുക ?

നെടുകെയും കുറുകെയും വരകൾ വരച്ചു ചെറുസമചതുരങ്ങളുണ്ടാക്കിയാണ് ഈ ചിത്രം വരക്കുന്നത് .

അതിനായി ആദ്യം വിലങ്ങനെ ഒരു വര വരക്കുക . ഈ വരക്ക് ലംബമായി ഒരു വര കൂടി വരക്കുക .



- ഈ രണ്ടു വരകളും കൂട്ടിമുട്ടുന്ന ബിന്ദുവിനെ പൂജ്യം കൊണ്ട് സൂചിപ്പിക്കാം
- പൂജ്യത്തിൽ നിന്ന് വലത്തേക്കുള്ള അകലങ്ങൾ അധിസംഖ്യകളായി എടുക്കുക
- പൂജ്യത്തിൽ നിന്ന് ഇടത്തേക്കുള്ള അകലങ്ങൾ ന്യൂനസംഖ്യകളായി എടുക്കുക
- പൂജ്യത്തിൽ നിന്ന് മേലോട്ടുള്ള അകലങ്ങൾ അധിസംഖ്യകളായി എടുക്കുക
- പൂജ്യത്തിൽ നിന്ന് കീഴോട്ടുള്ള അകലങ്ങൾ ന്യൂനസംഖ്യകളായി എടുക്കുക എടുക്കുക







SARATH .A .S , HST ,GHS ANCHACHAVADI

ഈ ചിത്രത്തിന്റെ മൂലകൾക്ക് A, B ,C ,D , E , F , G ,H . I , J , K ,. L , M , N , O , P എന്നി പേരുകൾ നൽകിയിരിക്കുന്നു .

ഇവിടെ പൂജ്യത്തിൽ നിന്നും 2 കളം വലത്തും 1 കളം മേലോട്ടും നീങ്ങിയാണ് B എന്ന ബിന്ദു .

അതുകൊണ്ട് B എന്ന ബിന്ദുവിനെ ( 2 , 1) എന്ന സംഖ്യാജോടി കൊണ്ട് സൂചിപ്പിക്കുന്നു .

ഇതു പോലെ മറ്റു ബിന്ദുക്കളെയും സംഖ്യാജോടികൾ കൊണ്ട് സൂചിപ്പിക്കാം .

| ബിന്ദു | പൂജ്യത്തിൽ നിന്നുള്ള സ്ഥാനം | ബിന്ദുവിനെ സൂചിപ്പിക്കുന്ന സംഖ്യാജോടി |
|---|---|---|
| B | 2 കളം വലത്തും 1 കളം മേലോട്ടും നീങ്ങി | ( 2 , 1 ) |
| C | 3 കളം വലത്തും 3 കളം മേലോട്ടും നീങ്ങി | ( 3 , 3 ) |
| D | 1 കളം വലത്തും 2 കളം മേലോട്ടും നീങ്ങി | ( 1 , 2 ) |
| F | 1 കളം ഇടത്തും 2 കളം മേലോട്ടും നീങ്ങി | ( - 1 , 2 ) |
| G | 3 കളം ഇടത്തും 3 കളം മേലോട്ടും നീങ്ങി | ( - 3 , 3 ) |
| H | 2 കളം ഇടത്തും 1 കളം മേലോട്ടും നീങ്ങി | ( - 2 , 1 ) |
| J | 2 കളം ഇടത്തും 1 കളം താഴോട്ടും നീങ്ങി | ( - 2 , - 1 ) |
| K | 3 കളം ഇടത്തും 3 കളം താഴോട്ടും നീങ്ങി | ( - 3 , - 3 ) |
| L | 1 കളം ഇടത്തും 2 കളം താഴോട്ടും നീങ്ങി | ( -1 , - 2 ) |
| N | 1 കളം വലത്തും 2 കളം താഴോട്ടും നീങ്ങി | ( 1 , - 2 ) |
| O | 3 കളം വലത്തും 3 കളം താഴോട്ടും നീങ്ങി | ( 3 , - 3 ) |
| P | 2 കളം വലത്തും1 കളം താഴോട്ടും നീങ്ങി | ( 2 , - 1 ) |

എന്നാൽ , പൂജ്യത്തിൽ നിന്നും മേലോട്ടോ കീഴോട്ടോ നീങ്ങാതെ 4 സെ.മി അകലെ വലതു വശത്താണ് A എന്ന ബിന്ദു

അതുകൊണ്ട് A എന്ന ബിന്ദുവിനെ ( 4 , 0 ) എന്ന സംഖ്യാജോടി കൊണ്ട് സൂചിപ്പിക്കുന്നു .

.

അതുപോലെ , പൂജ്യത്തിൽ നിന്നും ഇടത്തോട്ടോ വലത്തോട്ടോ നീങ്ങാതെ 4 സെ.മി മേലെ യാണ് E എന്ന ബിന്ദു .

അതുകൊണ്ട് E എന്ന ബിന്ദുവിനെ ( 0 , 4 ) എന്ന സംഖ്യാജോടി കൊണ്ട് സൂചിപ്പിക്കുന്നു .

| ബിന്ദു | പൂജ്യത്തിൽ നിന്നുള്ള സ്ഥാനം | ബിന്ദുവിനെസൂചിപ്പിക്കുന്ന സംഖ്യാജോടി |
|---|---|---|
| A | മേലോട്ടോ കീഴോട്ടോ നീങ്ങാതെ 4 സെ.മി അകലെ വലതുവശത്ത് | ( 4 , 0 ) |
| I | മേലോട്ടോ കീഴോട്ടോ നീങ്ങാതെ 4 സെ.മി അകലെ ഇടതുവശത്ത് | ( - 4 , 0 ) |
| E | ഇടത്തോട്ടോ വലത്തോട്ടോ നീങ്ങാതെ 4 സെ.മി മേലെ | ( 0 , 4 ) |
| M | ഇടത്തോട്ടോ വലത്തോട്ടോ നീങ്ങാതെ 4 സെ.മി കീഴെ | ( 0, - 4 ) |



## കണ്ടെത്തൽ

- ബിന്ദുക്കളെ സംഖ്യാജോടികൾ കൊണ്ട് അടയാളപ്പെടുത്തുമ്പോൾ ആദ്യത്തെ സംഖ്യ പൂജ്യത്തിൽ നിന്ന് വലതോ ഇടതോ ഉള്ള അകലത്തെ സൂചിപ്പിക്കുന്നു .
- ബിന്ദുക്കളെ സംഖ്യാജോടികൾ കൊണ്ട് അടയാളപ്പെടുത്തുമ്പോൾ രണ്ടാമത്തെ സംഖ്യ പൂജ്യത്തിൽ നിന്ന് മേലേട്ടോ കീഴോട്ടോ ഉള്ള അകലത്തെ സൂചിപ്പിക്കുന്നു .
- പൂജ്യത്തിൽ നിന്ന് വലതും മേലും അകലങ്ങൾ അധിസംഖ്യകളായി എടുക്കണം .
- പൂജ്യത്തിൽ നിന്ന് ഇടതും കീഴും അകലങ്ങൾ ന്യൂനസംഖ്യകളായി എടുക്കണം .

താഴെത്തന്നിരിക്കുന്ന ചിത്രത്തിലെ A മുതൽ X വരെയുള്ള മൂലകളുടെ സംഖ്യാജോടികൾ കണ്ടുപിടിക്കുക



**ഉത്തരം**

| A | B | C | D | E | F | G | H | I | J |
|---|---|---|---|---|---|---|---|---|---|
| ( 6 ,1 ) | ( 5 ,2 ) | ( 5 ,3 ) | ( 3 ,5) | ( 2 ,5 ) | ( 1 ,6 ) | ( -1 ,6 ) | ( -2 ,5 ) | ( -3 ,5) | (-5 ,3 ) |

| K | L | M | N | O | P | Q | R | S | T |
|---|---|---|---|---|---|---|---|---|---|
| ( -5 ,2 ) | ( -6 ,1 ) | ( -6 ,-1 ) | ( -5 ,-2 ) | ( -5 ,-3 ) | ( -3 ,-5 ) | ( -2 ,-5 ) | ( -1 ,-6 ) | ( 1 ,-6 ) | ( 2 ,-5 ) |

| U | V | W | X |
|---|---|---|---|
| ( 3 ,-5 ) | ( 5 ,-3 ) | ( 5 ,-2 ) | ( 6 ,-1) |

**പ്രവർത്തനം 2**




ഈ ചിത്രം വരച്ച് മൂലകളെല്ലാം സംഖ്യാജോടികൾ ഉപയോഗിച്ച് അടയാളപ്പെടുത്തുക ?




ഇവിടെ മൂലകളുടെ സംഖ്യാജോടി കണ്ടുപിടിക്കാൻ കഴിഞ്ഞ പ്രവർത്തനത്തിൽ ചെയ്തതു പോലെ ആദ്യം നെടുകെ ( വിലങ്ങനെ ) ഒരു വര വരക്കുക . ഈ വരക്ക് ലംബമായി ഒരു വര കൂടി വരക്കുക . നെടുകെയും കുറുകെയും വരകൾ വരച്ച് ചെറുസമചതുരങ്ങളു ണ്ടാക്കി യല്ലാതെ മറ്റൊരു രീതിയിലും മൂലകളുടെ സംഖ്യാജോടികൾ കണ്ടുപിടിക്കാം .

ഇവിടെ പൂജ്യത്തിൽ നിന്നും 1 സെ.മി വലത്തും , അവിടെ നിന്ന് 1 സെ. .മി മുകളിലുമാണ് B എന്ന ബിന്ദു . അപ്പോൾ അതിന്റെ സംഖ്യാജോടി ( 1 , 1 )

പൂജ്യത്തിൽ നിന്നും മേലോട്ടോ കീഴോട്ടോ നീങ്ങാതെ 4 സെ .മി വലത്താണ് A എന്ന ബിന്ദു .

അപ്പോൾ A യുടെ സംഖ്യാജോടി ( 4 , 0 )

| ബിന്ദു | പൂജ്യത്തിൽ നിന്നുള്ള സ്ഥാനം | ബിന്ദുവിനെ സൂചിപ്പിക്കുന്ന സംഖ്യാജോടി |
|---|---|---|
| B | 1 സെ.മി വലത്തും , അവിടെ നിന്ന് 1 സെ. .മി മുകളിലും | ( 1 , 1 ) |
| D | 1 സെ.മി ഇടത്തും , അവിടെ നിന്ന് 1 സെ. .മി മുകളിലും | ( - 1 , 1 ) |
| F | 1 സെ.മി ഇടത്തും , അവിടെ നിന്ന് 1 സെ. .മി താഴെയും | ( - 1 , - 1 ) |
| H | 1 സെ.മി വലത്തും , അവിടെ നിന്ന് 1 സെ. .മി താഴെയും | ( 1 , - 1 ) |

A , C , E , G എന്നി മൂലകളുടെ സംഖ്യാജോടികൾ കണ്ടുപിടിക്കുന്നത് കഴിഞ്ഞ പ്രവർത്ത നത്തിലേതുപോലെ തന്നെ .



**ക്രോഡീകരണം**

ബിന്ദുക്കളുടെ സ്ഥാനം അടയാളപ്പെടുത്താനായി പരസ്പരം ലംബമായി വരക്കുന്ന വരകൾക്ക് സൂചകാക്ഷങ്ങൾ ( *axes of co-ordinates* ) എന്നു പറയുന്നു .

വിലങ്ങനെയുള്ള വരയെ $x$ അക്ഷമെന്നും ( *x axis* ) , കുത്തനെയുള്ള വരയെ $y$ അക്ഷ മെന്നും ( *y axis* ) പറയുന്നു .

അക്ഷങ്ങൾ വരച്ചു കഴിഞ്ഞാൽ , ഏതു ബിന്ദുവിന്റെ സ്ഥാനവും സംഖ്യാജോടിയായി എഴുതാം . ഈ സംഖ്യകളെ ബിന്ദുവിന്റെ സൂചകസംഖ്യകൾ ( *co -ordinates* ) എന്ന് പറയുന്നു

**തുടർപ്രവർത്തനം**




അക്ഷങ്ങൾ വരച്ച് ചിത്രത്തിലെ രണ്ട് ചതുരങ്ങളുടെയും മൂലകളുടെ സൂചകസംഖ്യകൾ കണ്ടു പിടിക്കുക

# ഓൺലൈൻ ഗണിതക്ലാസ്സ്  - X – 66 ( 26 / 11 /2020 )

## <u>വർക്ക്ഷീറ്റ്</u>

**ചിത്രത്തിലെ ബഹുഭുജങ്ങളുടെ മൂലകളുടെ സൂചകസംഖ്യകൾ എഴുതുക ?**

**a )**




**b)**




SARATH .A .S , HST ,GHS ANCHACHAVADI

c)




d)

